**F 4831**

**(Pages : 3)**

**Name.......................................**

**Reg. No....................................**

# FIVE YEAR B.A. LL.B./ B.Com., LL.B. (HONOURS) DEGREE EXAMINATION, NOVEMBER 2023

## Fifth Semester

FM—2—Paper II—MALAYALAM

(2020 Admissions—Regular/2018 and 2019 Admissions—Supplementary)

Time : Three Hours

Maximum : 75 Marks

### എ വിഭാഗം

I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക :

മതിലുകൾ. ഗ്രന്ഥകർത്രി : നാലപ്പാട്ട് കമല. പ്രകാശകന്മാർ : മാതൃഭൂമി പ്രിന്റിങ്ങ് പബ്ലിഷിങ്ങ് കമ്പനി ലിമിറ്റഡ്, കോഴിക്കോട്. 1995 സെപ്റ്റംബർ, വില ക. 1 ചിത്രങ്ങൾ എം.വി ദേവൻ മാധവിക്കുട്ടിയുടെ ആദ്യകഥാസമാഹാരം ഇങ്ങനെയാണ്, 54 വർഷങ്ങൾക്കു മുമ്പ്, പുറത്തിറങ്ങിയത്. എഴുത്തുകാരിയുടെ ഇരുപത്തിമൂന്നാമത്തെ വയസ്സിൽ ഇറങ്ങിയ, ഈ പുസ്തകത്തിൽ 9 കഥകൾ. പുസ്തകം നാലപ്പാട്ട് കമലയുടെ പേരിലാണ് വന്നതെങ്കിലും ഇതിലെ കഥകളെല്ലാം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ അച്ചടിച്ച് വന്നത് മാധവിക്കുട്ടിയുടെ പേരിലാണ് . മാധവിക്കുട്ടിയുടെ പേരിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വരുന്ന ആദ്യകഥ പുഴ വീണ്ടും ഒഴുകി ആണെന്നു അനുമാനിക്കാം. ഇതിനു മുൻപ് ബാല പംക്തിയിൽ 'അവളുടെ വിധി എന്ന കഥയും' മുതിർന്നവരുടെ പംക്തിയിൽ കുഷ്ഠരോഗി എന്ന കഥയും വന്നിട്ടുണ്ട്. രണ്ടു കഥകളും 'കമലയുടെ' പേരിലാണ്. തുടർന്ന് 1953-ൽ ആഴ്ച്ചപ്പതിപ്പിൽ മാധവിക്കുട്ടിയുടെ രണ്ട് കഥകൾ കൂടി പ്രസിദ്ധീകരിച്ചുവന്നിട്ടുണ്ട്. രാത്രിയിൽ, അമ്മു എന്നിവയാണവ.

1 ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക.

2 അവളുടെ വിധി ആരുടെ കഥയാണ്.

3 രാത്രിയിൽ എന്ന കഥ പ്രസിദ്ധീകരിച്ച വർഷം ഏത്.

4 മാധവിക്കുട്ടിയുടെ ആദ്യ കഥാസമാഹാരം ഏത്.

5 നാലപ്പാട്ട് കമല എന്ന എഴുത്തുകാരി പിൽക്കാലത്ത് ഏത് പേരിലാണ് അറിയപ്പെട്ടത്

(5 × 1 = 5 marks)

II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ട് പുറത്തിൽ കവിയാതെ ഉപന്യസിക്കുക :

(a) പരമ്പരാഗത വ്യവസായം.

(b) ആവിഷ്കാര സ്വാതന്ത്ര്യം.

(1 × 10 = 10 marks)

Turn over

III. സാക്ഷരതാപ്രസ്ഥാനത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

(1 × 10 =10 marks)

## ബി വിഭാഗം

IV. പിരിച്ചെഴുതുക :

(a) അധിഷ്ഠിതം.

(b) പണിപ്പുര.

(c) നിങ്ങൾ.

(d) ഉൺമ

(e) അവൻ

(5 × 1 = 5 marks)

V. ശരിയായ പദം തെരഞ്ഞെടുത്തെഴുതുക :

(a) അന്തഛിദ്രം - അന്തശ്ഛിദ്രം

(b) അഥരം - അധരം

(c) അവസ്ഥ - അവസ്ത

(3 × 1 = 3 marks)

VI. വിപരീത പദമെഴുതുക :

(a) ദക്ഷിണ

(b) ദൂരം

(c) തിക്തം

(3 × 1 = 3 marks)

VII. പര്യായം എഴുതുക :

(a) ബുദ്ധി

(b) ശബ്ദം

(2 × 2 = 4 marks)

VIII. ഒറ്റവാക്ക് എഴുതുക :

(a) കൃഷിയെ സംബന്ധിച്ചത്

(b) മോക്ഷം ആഗ്രഹിക്കുന്ന ആൾ.

(2 × 1 = 2 marks)

IX. നാനാർത്ഥം എഴുതുക :

(a) അങ്കം

(b) ഒളി.

(2 × 2 = 4 marks)

X. അർത്ഥ വ്യത്യാസം എഴുതുക :

(a) ദിനം - ദീനം.

(b) അയുതം - ആയുധം.

(2 × 2 = 4 marks)

## സി വിഭാഗം

ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക.

1 ചെറുകഥയ്ക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ ഏവ ? എം.പി. പോളിന്റെ അഭിപ്രായം എഴുതുക.

2 മനുഷ്യപുത്രി എന്ന കഥയെ വിലയിരുത്തുക.

3 സ്വന്തം ലേഖകൻ എന്ന നാടകത്തെ പരിചയപ്പെടുത്തുക.

4 വാക്യശുദ്ധിയാണ് വള്ളത്തോൾക്കവിതയുടെ പ്രധാന പ്രത്യേകത—വിശദമാക്കുക.

5 പിതാമഹൻ എന്ന നോവലിന് നിരൂപണം തയ്യാറാക്കുക.

6 കുമാരനാശാന്റെ ജീവിതസമൂഹം വീണപൂവ് എന്ന കവിതയെ ആസ്പദമാക്കി വിവരിക്കുക.

7 എസ്.കെ. പൊറ്റക്കാടിന്റെ രചനാപരമായ സവിശേഷതകൾ കാപ്പിരികളുടെ നാട്ടിൽ എന്ന കൃതിയെ ആസ്പദമാക്കി ചർച്ചചെയ്യുക.

8 പ്രേമസംഗീതം-ഒരാസ്വാദനം തയ്യാറാക്കുക.

(5 × 5 = 25 marks)